**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2638** **14-09-2023 - ൽ മറുപടിയ്ക്ക്**

**ശമ്പളപരിഷ്കരണ കുടിശിക ലഭ്യമാക്കാനും പിൻവലിക്കാനുമുള്ള വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളപരിഷ്കരണ കുടിശിക വിതരണം ചെയ്യുന്നതിനായി 2016-2021 ലെ സർക്കാർ കൊണ്ടുവന്ന വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; വിശദാംശം നൽകാമോ; | (എ) | സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും പത്താം ശമ്പള പരിഷ്കരണ കുടിശ്ശിക 25% വീതമുള്ള നാല് ഗഡുക്കളായി പി.എഫിന് അനുവദനീയമായ പലിശ സഹിതം 01/04/2017, 01/10/2017, 01/04/2018, 01/10/2018 എന്നീ തീയതികളിൽ വിതരണം ചെയ്യുമെന്ന് പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ (20/01/2016 ലെ സ.ഉ.(അച്ചടി) നം. 7/2016/ധന) ഖണ്ഡിക 46 ൽ വ്യക്തമാക്കിയിരുന്നു. പിന്നീട് 09/04/2017 ലെ സ.ഉ. (അച്ചടി)നം.45/2017/ധന പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡു 8.7% പലിശ സഹിതം ജീവനക്കാരുടെ പി.എഫിൽ ലയിപ്പിക്കുന്നതിനായി ഉത്തരവായിരുന്നു. തുടർന്ന് 22/4/2017 ലെ സ.ഉ.(അച്ചടി) നം.50/2017/ധന പ്രകാരം 01/07/2014 നും 31/03/2017 നും ഇടയിൽ വിരമിച്ചവർ, പി.എഫ് അക്കൗണ്ട് ഇല്ലാത്ത ജീവനക്കാർ, പി.എഫ് അക്കൗണ്ട് ഇല്ലാത്ത പാർട്ട് ടൈം അധ്യാപകർ, വിരമിക്കുന്നതിന് മുന്നോടിയായി പി.എഫ് അക്കൗണ്ട് ക്ലോസ് ചെയ്ത ജീവനക്കാർ എന്നിവരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡു പണമായി നൽകുന്നതിന് ഉത്തരവായിരുന്നു. തുടർന്ന് 6/10/2017 ലെ സ.ഉ.(അച്ചടി) നം.128/2017/ധന പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ടാം ഗഡു 8.7% പലിശ സഹിതവും, 26/03/2018 ലെ സ.ഉ. (അച്ചടി) നം. 50/2018/ധന പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നാം ഗഡു 7.6% പലിശ സഹിതം ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ലയിപ്പിക്കുവാനും, 16/09/2018 ലെ സ.ഉ. (അച്ചടി) നം.146/2018/ധന പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ നാലാം ഗഡു 7.6% പലിശ സഹിതം ജീവനക്കാർക്ക് പണമായി നൽകുന്നതിനും ഉത്തരവായിരുന്നു. ഇപ്രകാരം പി.എഫ് അക്കൗണ്ടിൽ ലയിപ്പിച്ച ശമ്പള |

| | | | |
|---|---|---|---|
| | | | പരിഷ്കരണ കുടിശ്ശിക പിൻവലിക്കുന്നതിന് പ്രത്യേക സമയ പരിധി നിശ്ചയിച്ചിട്ടില്ല. |
| (ബി) | കുടിശിക പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനും ആയത് ജീവനക്കാർക്ക് പിൻവലിക്കുന്നതിനുമുള്ള വ്യവസ്ഥകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും പത്താം ശമ്പള പരിഷ്കരണ കുടിശ്ശിക 25% വീതമുള്ള നാല് ഗഡുക്കളായി പി.എഫിന് അനുവദനീയമായ പലിശ സഹിതം 01/04/2017, 01/10/2017, 01/04/2018, 01/10/2018 എന്നീ തീയതികളിൽ വിതരണം ചെയ്യുമെന്ന് പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ (20/01/2016 ലെ സ.ഉ.(അച്ചടി) നം. 7/2016/ധന) ഖണ്ഡിക 46 ൽ വ്യക്തമാക്കിയിരുന്നു. പിന്നീട് 09/04/2017 ലെ സ.ഉ.(അച്ചടി)നം.45/2017/ധന പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡു 8.7% പലിശ സഹിതം ജീവനക്കാരുടെ പി.എഫിൽ ലയിപ്പിക്കുന്നതിനായി ഉത്തരവായിരുന്നു. തുടർന്ന് 22/4/2017 ലെ സ.ഉ.(അച്ചടി) നം.50/2017/ധന പ്രകാരം 01/07/2014 നും 31/03/2017 നും ഇടയിൽ വിരമിച്ചവർ, പി.എഫ് അക്കൗണ്ട് ഇല്ലാത്ത ജീവനക്കാർ, പി.എഫ് അക്കൗണ്ട് ഇല്ലാത്ത പാർട്ട് ടൈം അധ്യാപകർ, വിരമിക്കുന്നതിന് മുന്നോടിയായി പി.എഫ് അക്കൗണ്ട് ക്ലോസ് ചെയ്ത ജീവനക്കാർ എന്നിവരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡു പണമായി നൽകുന്നതിന് ഉത്തരവായിരുന്നു. തുടർന്ന് 6/10/2017 ലെ സ.ഉ.(അച്ചടി) നം.128/2017/ധന പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ടാം ഗഡു 8.7% പലിശ സഹിതവും, 26/03/2018 ലെ സ.ഉ. (അച്ചടി) നം. 50/2018/ധന പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നാം ഗഡു 7.6% പലിശ സഹിതം ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ലയിപ്പിക്കുവാനും, 16/09/2018 ലെ സ.ഉ. (അച്ചടി) നം.146/2018/ധന പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ നാലാം ഗഡു 7.6% പലിശ സഹിതം ജീവനക്കാർക്ക് പണമായി നൽകുന്നതിനും ഉത്തരവായിരുന്നു. ഇപ്രകാരം പി.എഫ് അക്കൗണ്ടിൽ ലയിപ്പിച്ച ശമ്പള പരിഷ്കരണ കുടിശ്ശിക പിൻവലിക്കുന്നതിന് പ്രത്യേക സമയ പരിധി നിശ്ചയിച്ചിട്ടില്ല. |
| (സി) | പ്രസ്തുത വ്യവസ്ഥകൾ പ്രകാരം കുടിശിക തുകയുടെ എത്ര ഗഡു ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്; അങ്ങനെയെങ്കിൽ നിർദിഷ്ട കാലാവധി കഴിഞ്ഞിട്ടും ക്രെഡിറ്റ് ചെയ്ത തുക ജീവനക്കാർക്ക് പിൻവലിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | മേൽ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശിക തുകയുടെ ആദ്യ മൂന്ന് ഗഡുക്കൾ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ലയിപ്പിക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം പി.എഫ് അക്കൌണ്ടിൽ ലയിപ്പിക്കുന്ന തുക പിൻവലിയ്ക്കുന്നതിന് പ്രത്യേക സമയപരിധി നിശ്ചയിച്ചിട്ടില്ല. കൂടാതെ പി.എഫ് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്ത കുടിശ്ശിക തുക |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്ക് പിൻവലിക്കാൻ സാധിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ